"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് പള്ളിക്കുറുപ്പ് ശബരി ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.ടി. (ഹിന്ദി) ശ്രീമതി. സീന.കെഎസ്. സമർപ്പിച്ച പുനഃപരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3750/2026/GEDN തീയതി,തിരുവനന്തപുരം, 03-06-2026

---

പരാമർശം:-

1. പാലക്കാട് പള്ളിക്കുറുപ്പ് ശബരി ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.ടി. (ഹിന്ദി) ശ്രീമതി. സീന.കെഎസ്. സമർപ്പിച്ച 15/01/2025 തീയതിയിലെ പുനഃപരിശോധന ഹർജി
2. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 08/08/2025 തീയതിയിലെ DEOMKD/908/2025-B3 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12/08/2025 തീയതിയിലെ ഇഎം1/14109/2025/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

പള്ളിക്കുറുപ്പ് ശബരി ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.ടി. (ഹിന്ദി) ആയ ശ്രീമതി. സീന.കെഎസ്. ഫയൽ ചെയ്ത ഹർജിയിൽ 30.08.2025 തീയതിയിൽ വാദം കേട്ടു.

2. ഹർജിക്കാരിയുടെ വാദം താഴെ പറയുന്ന പ്രകാരമായിരുന്നു :

പാലക്കാട് പള്ളിക്കുറുപ്പ് ശബരി ഹയർ സെക്കണ്ടറി സ്കൂളിൽ ടിയാളെ 01.08.2013 മുതൽ HST (ഹിന്ദി) ആയി മാനേജർ നിയമിക്കുകയും പ്രസ്തുത നിയമനം മണ്ണാർക്കാട് DEO ശമ്പള സ്കെയിലിൽ നിയമനാംഗീകാരം 01.08.2013 മുതൽ നൽകുകയും ചെയ്തിരുന്നു. 2018-2019 തസ്തിക നിർണയ ഉത്തരവ് പ്രകാരം മതിയായ വിദ്യാർത്ഥികൾ ഇല്ലായെന്ന കാരണത്താൽ HST (ഹിന്ദി ) തസ്തിക കുറയുന്ന സാഹചര്യം ഉണ്ടായി. 01.08.2013 മുതൽ ശമ്പള സ്കെയിൽ നിയമന അംഗീകാരം ഉള്ളതിനാൽ 2018-2019 ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ഒരു HST (ഹിന്ദി) തസ്തിക കുറഞ്ഞ അവസരത്തിൽ സംരക്ഷണ ആനുകൂല്യത്തിന് അർഹതയുള്ള ടിയാളെ 15.07.2018 മുതൽ ഡിപ്ലോയ് ചെയ്യുവാൻ പാലക്കാട് DDE യും, മണ്ണാർക്കാട് DEO യും നടപടി സ്വീകരിക്കേണ്ടതായിരിക്കുന്നു. പക്ഷേ അതിനു പകരം 2018-2019 ലെ തസ്തിക നിർണ്ണയ ഉത്തരവിൽ പ്രകാരം LG (ഹിന്ദി ടീച്ചർ)

തസ്തികയിൽ മാതൃവിദ്യാലയത്തിൽ നിലനിർത്തുവാനുള്ള നിർദ്ദേശമാണ് മാനേജർക്ക് മണ്ണാർക്കാട് DEO നൽകിയിരിക്കുന്നത്. മേൽ ഉത്തരവ് പ്രകാരം 15.07.2018 മുതൽ ടിയാൾ ജൂനിയർ (ഹിന്ദി ടീച്ചർ) ആയി ജോലി ചെയ്യുകയാണ് ഉണ്ടായത് അതിനുശേഷം മണ്ണാർക്കാട് DEO യുടെ 30.04.2019 B2/3687/2018 ലെ ഉത്തരവ് പ്രകാരം ടിയാൾക്ക് ശമ്പളം പുനർക്രമീകരിച്ച് LG(ഹിന്ദി) തസ്തികയിൽ ലഭ്യമാക്കേണ്ട സ്കെയിലിൽ പുനർക്രമീകരിക്കുക്കയും ചെയ്തു. ടിയാൾ ജൂനിയർ ഹിന്ദി തസ്തികയിൽ തുടർന്നുവരികെ പാലക്കാടു DDE യുടെ ഓഫീസിൽ നിന്നും ടിയാളെ ജൂനിയർ ഹിന്ദി തസ്തികയിൽ 15.07.2018 മുതൽ ക്രമീകരിച്ചതിനെതിരെ ആക്ഷേപം ഉന്നയിക്കുകയും ചെയ്യുകയുണ്ടായി. 01.08.2013 മുതൽ സ്ഥിര നിയമനാംഗീകാരം ലഭിച്ച ഒരു അധ്യാപകൻ 5 കൊല്ലം കഴിഞ്ഞ് വ്യവസ്ഥാപിത ഒഴിവില്ലാത്തതുകാരണം പുറത്താക്കപ്പെടുമ്പോൾ പ്രസ്തുത അധ്യാപകന് അദ്ധ്യായം 14 (A) ചട്ടം 51 A പ്രകാരം മാതൃ സ്കൂളിൽ പുനർനിയമനത്തിന് അർഹതയുള്ളതാണ്. ആയതിനാൽ 15.07.2018 മുതൽ HST (HINDI) തസ്തികയിൽ കുറവുവന്നതിനാൽ ടിയാളെ ചട്ടം 51 A യുടെ ആനുകൂല്യത്തിന് അർഹമാക്കുന്നു. അതുപ്രകാരം 15.07.2018 മുതൽ ടിയാളെ ജൂനിയർ (ഹിന്ദി) തസ്തികയിൽ തുടരുവാൻ അനുവദിച്ചത് നിയമപരവുമാണ്.

പാലക്കാട് DDE യുടെ തടസ്സവാദത്തിന്റെ വെളിച്ചത്തിൽ മാനേജർ 15.07.2018 മുതൽ ജൂനിയർ (ഹിന്ദി) ടീച്ചർ ആയി പുനർനിയമനം നൽകുകയും അതിന്റെ പ്രൊപ്പോസൽ മണ്ണാർക്കാട് DEO സമക്ഷം സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ സമയപരിധി കഴിഞ്ഞു എന്ന കാരണം പറഞ്ഞു കൊണ്ട് നിയമനാംഗീകാരം നിരസിക്കുകയുണ്ടായി. ഇതിനെതിരെ മാനേജർ DGE സമക്ഷം അപ്പീൽ സമർപ്പിക്കുകയും അതിൽ വന്ന 20.01.2024 ഉത്തരവ് പ്രകാരം (ഉത്തരവ് നമ്പർ EM 1/240388/2023) പ്രകാരം മണ്ണാർക്കാട് DEO 14.02.2024 തീയതിയിലെ ഉത്തരവ് നമ്പർ B3/137608/2023 ഉത്തരവ് മുഖേന ജൂനിയർ (ഹിന്ദി) ആയുള്ള നിയമനം 15.07.2018 മുതൽ നിയമനാംഗീകാരം നൽകുകയും ചെയ്തു. ഇതിനിടയിൽ ടിയാളെ ശ്രീമതി.പത്മാവതി M HST (ഹിന്ദി) യുടെ വിരമിക്കൽ ഒഴിവിലേക്ക് സ്ഥാനക്കയറ്റം നൽകി മാനേജർ 15.07.2021 മുതൽ നിയമിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത നിയമനം K-TET Category III യോഗ്യത ഇല്ല എന്ന കാരണത്താൽ HST (ഹിന്ദി) ആയുള്ള സ്ഥാനക്കയറ്റം അംഗീകരിച്ചുനല്കിയിരുന്നില്ല, ആയതിനാൽ ടിയാൾ ജൂനിയർ (ഹിന്ദി) തസ്തികയിൽ തുടർന്നുവരികയാണ് ഉണ്ടായത്.

മണ്ണാർക്കാട് DEO 14.02.2024 തീയതിയിൽ ഉള്ള ഉത്തരവ് നമ്പർ B3/137608/2023 ഉത്തരവുപ്രകാരം ടിയാൾക്ക് ജൂനിയർ (ഹിന്ദി) തസ്തികയിൽ ഉള്ള നിയമനം 14.07.2021 വരെ നിജപ്പെടുത്തിയിരുന്നതിനാൽ പാലക്കാട് DDE എനിക്ക് ശമ്പളം നൽകുന്നതിനെതിരെ വീണ്ടും തടസ്സവാദം ഉന്നയിക്കുകയും ചെയ്തിരുന്നു. മേൽ തടസ്സവാദത്തിന് സ്കൂൾ പ്രധാന അദ്ധ്യാപകൻ K-TET Category III യോഗ്യത നേടുന്നതുവരെ ജൂനിയർ ഹിന്ദി ടീച്ചർ തസ്തികയിൽ ശമ്പള സ്കെലിയിൽ തുടരുവാൻ ചട്ടം 51A അവകാശിയായ ടിയാൾക്ക് അർഹതയുണ്ടെന്നു മറുപടി നൽകുകയും ചെയ്തിരുന്നു. മണ്ണാർക്കാട് DEO യുടെ ഉത്തരവ് പ്രകാരം ടിയാൾക്ക് ജൂനിയർ ഹിന്ദി

ടീച്ചർ ആയുള്ള നിയമന അംഗീകാരം 14.07.2021 വരെ നിജപ്പെടുത്തിയത് DGE യുടെ 20.01.2024 ലെ ഉത്തരവ് നമ്പർ EM 1/240/388/2023 ഉത്തരവ് തെറ്റായി വ്യാഖാനം ചെയ്തതുകൊണ്ടാണ് ടിയാൾക്ക് 15.07.2018 മുതൽ 14.07.2021 വരെ ജൂനിയർ ഹിന്ദി തസ്തികയിൽ നിയമന അംഗീകാരം നിരസിച്ചതിനെതിരെയാണ് DGE മുൻപാകെ മാനേജർ അപ്പീൽ നൽകുകയും DGE അത് അനുവദിക്കുകയും ചെയ്തത്. 15.07.2021 മുതൽ HST ഹിന്ദി ആയി സ്ഥാനക്കയറ്റം അംഗീകരിക്കപ്പെടാൻ അർഹതയുണ്ട് എന്ന കാരണത്താൽ ആണ് DGE അതിന്റെ കാലയളവായ 14.07.2021 വരെ ജൂനിയർ ഹിന്ദി ടീച്ചർ ആയുള്ള ടിയാന്റെ നിയമനത്തിന് അർഹതയുണ്ട് എന്ന തീരുമാനം ഉണ്ടാകാനുള്ള കാരണം.

ടിയാൾക്ക് ജൂനിയർ ഹിന്ദി ടീച്ചർ ആയുള്ള നിയമനം 14.07.2021 വരെ നിജപ്പെടുത്തിയതിനെതിരെ മാനേജർ റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി, എന്നാൽ നാളിതുവരെ ഒരു തീരുമാനവും അതിൽ ഉണ്ടായിരുന്നില്ല. ഇതിനിടയിൽ പാലക്കാട് DDE യുടെ തടസവാദ പ്രകാരം ടിയാൾക്ക് ശമ്പളം ഡിസംബർ 2024 മുതൽ തടഞ്ഞു വെച്ചിരിക്കുകയാണ്. ഇതുകാരണം ഞാനും എന്റെ കുടുംബവും കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്, അതുകൊണ്ടുതന്നെ മാനസികമായി തകർന്നിരിക്കുകയാണ്.

ടിയാൾ ഒരു ചട്ടം 51 A അവകാശി ആയതിനാൽ ടിയാൾക്ക് ജൂനിയർ ഹിന്ദി തസ്തികയിൽ ശമ്പളത്തോടുകൂടി അംഗീകാരം ലഭിക്കുവാൻ അർഹതയുണ്ട്. DGE യുടെ ഉത്തരവ് തെറ്റായി വ്യാഖ്യനിച്ചുകൊണ്ട് ടിയാൾക്ക് ജൂനിയർ ഹിന്ദി ടീച്ചർ ആയുള്ള നിയമനം 14.07.2021 വരെ നിജപെടുത്തുന്നത് അനീതിയും, അന്യായവും ആണ്. തസ്തിക നഷ്ടപ്പെടുമ്പോൾ ഒരു കേഡറിൽ ഉള്ള ഏറ്റവും ജൂനിയർ ആയുള്ള അധ്യാപകനാണ് പുറത്തുപോകേണ്ടത്. അങ്ങനെ പുറത്തുപോകുന്ന ഒരു അധ്യാപകൻ മതിയായ കാലയളവ് നിയമനാംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ അദ്ധ്യായം 14 A, ചട്ടം 51A അവകാശി ആകുകയും, മാനേജ്മെന്റ് കീഴിലുള്ള ഉയർന്നതോ താഴ്ന്നതോ ആയ ഒഴിവുകളിൽ യോഗ്യത ഉള്ള പക്ഷം പുനർ നിയമനത്തിന് മുൻഗണന ഉള്ളതുമാകുന്നു. ആയതിനാൽ ചട്ടം 51 A അവകാശി ആയ ടിയാളെ ജൂനിയർ ഹിന്ദി ടീച്ചർ തസ്തികയിൽ 14.07.2021 വരെ നിയമനാംഗീകാരം നിജപ്പെടുത്തിയത് നീതിയുക്തമല്ല. അതുപോലെ തന്നെ യുക്തി രഹിതമായ തടസ്സവാദങ്ങൾ ഉന്നയിച്ച് ഒരു അധ്യാപികയുടെ ശമ്പളം തടഞ്ഞുവെക്കുന്നത് മനുഷ്യരഹിതമാണ്.

കഴിഞ്ഞ 10 മാസകാലമായി ജോലി ചെയ്തിട്ടും ശമ്പളം കിട്ടാത്ത ഒരു അവസ്ഥയാണ് ടിയാൾക്ക് ഉള്ളത്. ടിയാൾ ജൂനിയർ ഹിന്ദി ടീച്ചർ തസ്തികയിൽ പഠിപ്പിക്കുന്നതിനാവശ്യമായ K-TET കാറ്റഗറി IV യോഗ്യത ലഭിച്ച വ്യക്തിയാണ്. ആയതിനാൽ തന്നെ 2025 സെപ്റ്റംബർ മാസത്തിൽ നടക്കുന്ന കാറ്റഗറി III പരീക്ഷയിൽ യോഗ്യത നേടുന്ന മുറയ്ക്ക് എനിക്ക് HST ഹിന്ദി ആയി നിയമംഗീകാരത്തിന്നു അർഹതയുള്ളതുമാണ്. ആയതിനാൽ ടിയാൾടിയാൾ

**19.06.2025** ൽ സമർപ്പിച്ച റിവിഷൻ ഹർജി പരിഗണിച്ച് ടിയാൾക്ക് എതിരെ പുറപ്പെടുവിച്ച മണ്ണാർക്കാട് **DEO** യുടെ ഉത്തരവും, പാലക്കാട് **DDE** യുടെ തടസ്സ വാദങ്ങളും നിരാകരിച്ചുകൊണ്ട് ടിയാൾക്ക് **HST** ഹിന്ദി ആയി നിയമനാംഗീകാരം ലഭിക്കുന്നതുവരെ ടിയാൾക്ക് ജൂനിയർ ഹിന്ദി ടീച്ചർ ആയുള്ള നിയമനം അംഗീകരിച്ചു നൽകുവാനും ഡിസംബർ **2024** മുതൽ തടഞ്ഞു വെച്ച ശമ്പള കുടിശിക അടക്കം തുടർന്ന് നൽകുവാനും ഉത്തരവ് ഇറക്കി ടിയാളുടെ വിഷമതകൾ പരിഹരിച്ചുനല്കണമെന്നും പുനഃപരിശോധന ഹർജി അപേക്ഷിക്കുന്നു.

**3.** പൊതു വിദ്യാഭ്യാസ ഓഫീസർമാർ താഴെ പറയും പ്രകാരം വാദിച്ചു :

പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിൽ എച്ച്.എസ്.ടി.(ഹിന്ദി) ആയി **01/08/2013** മുതൽ നിയമനാംഗീകാരം നേടി ജോലി ചെയ്തുവരുന്ന ശ്രീമതി. സീന കെ.എസ്. **2018-19** വർഷത്തിൽ തസ്തിക നഷ്ടപ്പെട്ടതിനെത്തുടർന്ന് ടി സ്കൂളിലെ **2018-19** ൽ ലഭ്യമായ അധിക എൽ.ജി. ഹിന്ദി തസ്തികയിൽ നിലനിർത്തിയിരുന്നു. എന്നാൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഡിറ്റ് തടസ്സവാദത്തെത്തുടർന്ന് **2018-19** വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിൽ അനുവദിച്ചു നൽകിയ എൽ.ജി. ഹിന്ദി അധിക തസ്തികയിൽ **15/07/2018** എൽ.ജി. ഹിന്ദി അധ്യാപികയായി മാനേജർ പുനർനിയമനം നൽകി. ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. പ്രസ്തുത ഉത്തരവിനെതിരെ മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കുകയും മാനേജറുടെ വാദം അംഗീകരിച്ച് അപ്പീൽ അനുവദിച്ച് **EM1/240388/2023** തീയതി **20/01/2024** പ്രകാരം ഉത്തരവായി.

ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അപേക്ഷ പുനഃപരിശോധിച്ചു. **2018-19** വർഷം ടിയാൾക്ക് നിലനില്ക്കുന്നതിനുള്ള തസ്തിക ലഭ്യമാണ്. **2019-20** വർഷത്തിൽ **1:40** അനുപാതത്തിൽ ടിയാളെ നിലനിർത്തിയിട്ടുണ്ട്. **2019-20, 2020-21, 2021-22** വർഷങ്ങളിലും ടിയാൾക്ക് നിലനിൽക്കാനാവും. എന്നാൽ എച്ച്.എസ്.ടി. (ഹിന്ദി) ആയ ശ്രീമതി. പദ്മാവതി എം. **30/04/2020** ന് വിരമിച്ച ഒഴിവിൽ ശ്രീമതി. സീന. കെ.എസ്. നെ **15/07/2021** മുതൽ മാനേജർ എച്ച്.എസ്.ടി. ഹിന്ദി തസ്തികയിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചു. എന്നാൽ ടി നിയമനംഗീകാര അപേക്ഷ, നിയമനാർത്ഥി കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ല എന്നതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

ആയതിനാൽ **15/07/2018** മുതൽ എൽ.ജി. ഹിന്ദി തസ്തികയിൽ നിയമനാർത്ഥിക്ക് നിലനിൽക്കാനുള്ള തസ്തിക ലഭ്യമാണെന്നുള്ളതിനാലും ടിയാരി കെ-ടെറ്റ് കാറ്റഗറി-**IV** യോഗ്യത നേടിയിട്ടില്ലെങ്കിലും നിയമന സമയത്ത് കെ-ടെറ്റ് യോഗ്യത നേടുന്നതിന് ഇളവുണ്ട് എന്നതിനാലും എന്നാൽ **15/07/2021** മുതൽ എച്ച്.എസ്.ടി. ഹിന്ദി തസ്തികയിൽ മാനേജർ പുനർനിയമനം നടത്തുകയും ടി നിയമന സമയത്ത് കെ-ടെറ്റ് യോഗ്യതയിൽ ഇളവില്ല എന്നതിനാലും ശ്രീമതി. സീന കെ.എസ്. ന്റെ എൽ.ജി. ഹിന്ദി ആയുള്ള നിയമനം **15/07/2018** മുതൽ **14/07/2021** വരെ നിജപ്പെടുത്തി ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം അംഗീകരിച്ചു നൽകി.

2013 മുതൽ എച്ച്.എസ്.ടി. ഹിന്ദി തസ്തികയിൽ ജോലി ശ്രീമതി. സീന. കെ.എസ്. 14.07.2018 നാണ് സംരക്ഷണാനുകൂല്യമില്ലാതെ പുറത്തുപോയിരിക്കുന്നത്. പിന്നീട് 15.07.2018 മുതൽ എൽ.ജി. ഹിന്ദി അധ്യാപികയായി മാനേജർ നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത തസ്തികയിൽ തുടരവെ 15.07.2021 നാണ് മാനേജർ ടിയാൾക്കു എച്ച്.എസ്.ടി. ഹിന്ദി അദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമനം നൽകിയിട്ടുള്ളത്. 2019-20 അധ്യയന വർഷം വരെ എയ്ഡഡ് സ്കൂളുകളിൽ നിയമിതരായവർക്കു മാത്രമാണ് കെ-ടെറ്റ് പാസ്സാകുന്നതിനു ഇളവ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ശ്രീമതി സീന കെ.എസ്. ന് കെ-ടെറ്റ് പാസ്സാകുന്നതിനു ഇളവിന് അർഹതയില്ലാത്തയാളാണ്, കൂടാതെ കെ ഇ ആർ അദ്ധ്യായം XIV A റൂൾ 51A, 43 എന്നീ അവകാശിയുടെ സ്ഥാനക്കയറ്റം അംഗീകരിക്കുന്നതിന് കെ-ടെറ്റ് പാസ്സാകുന്നതിനു ഇളവ് അനുവദിച്ചുകൊണ്ട് നാളിതുവരെയും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ശ്രീമതി സീന കെ.എസ്. എച്ച്.എസ്.ടി. ഹിന്ദി അധ്യാപക നിയമനത്തിന് ആവശ്യമായ കെ-ടെറ്റ് കാറ്റഗറി-III യോഗ്യത നാളിതുവരെയും നേടിയിട്ടില്ല. ആയതിനാൽ എച്ച്.എസ്.ടി. ഹിന്ദി തസ്തികയിൽ നിയമനം അംഗീകരിക്കാൻ നിർവാഹമില്ല.

2018-19 ലെ എൽ.ജി. ഹിന്ദി അധിക തസ്തികയിൽ ഹർജിക്കാരിക്ക് ടി സ്കൂളിൽ എൽ.ജി.ഹിന്ദി തസ്തികയിൽ 15.07.2018 മുതൽ പുനർനിയമനം ലഭിച്ചു തുടർന്ന് വരുന്നുണ്ട്. നിലവിൽ പ്രസ്തുത തസ്തികയിൽ തുടരുന്നതിനു കെ-ടെറ്റ് കാറ്റഗറി-IV ഉൾപ്പെടെ പൂർണ്ണ യോഗ്യതയുണ്ട്. 2018-19 ൽ അനുവദിച്ച എൽ.ജി. ഹിന്ദി അധിക തസ്തിക 3 എണ്ണം എന്നത് 2 ആയി കുറഞ്ഞു എങ്കിലും 2019-20 തസ്തിക നിർണ്ണയ ഉത്തരവിൽ ശ്രീമതി. സീന കെ.എസ്.-നെ 1:40 അനുപാതത്തിൽ നിലനിർത്തിയിരുന്നു. പ്രസ്തുത തസ്തിക നിർണ്ണയ ഉത്തരവ് 2020-21, 2021-22 വർഷങ്ങളിലും തുടരുന്നതിനാൽ ഹർജിക്കാരിക്ക് 2021-22 അധ്യയന വർഷം വരെ എൽ.ജി. ഹിന്ദി യിൽ നിലനില്ക്കുന്നതിനു തസ്തിക ലഭ്യമാണ്. 2022-23, 2023-24 വർഷങ്ങളിൽ ഒരു എൽ.ജി.ഹിന്ദി അധിക തസ്തികയ്ക്ക് സർക്കാരിലേക്ക് ശുപാർശ ചെയ്യതെങ്കിലും സർക്കാർ തസ്തിക അനുവദിച്ചു നൽകിയിട്ടില്ല. 2024-25 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ഒരു എൽ.ജി. ഹിന്ദി അധിക തസ്തിക 01.10.2024 പ്രാബല്യത്തിൽ അനുവദിച്ചു. ആയതിനാൽ ശ്രീമതി സീന കെ.എസ്.-നെ 01.10.2024 മുതൽ മാത്രമേ ടി വിദ്യാലയത്തിൽ നിലനിർത്താൻ തസ്തിക ലഭ്യമാകുന്നുള്ളു എന്ന വിവരം അറിയിക്കുന്നു.

4. സർക്കാർ ഈ വിഷയം ഹർജിക്കാരന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിൽ എച്ച്.എസ്.ടി. ഹിന്ദി ആയി 01.08.2013 മുതൽ നിയമനാംഗീകാരം നേടി ജോലി ചെയ്തുവരുന്ന ശ്രീമതി. സീന.കെ.എസ് 2018-19 വർഷത്തിൽ തസ്തിക നഷ്ടപ്പെട്ടതിനെ തുടർന്ന് 2018-19 വർഷം അനുവദിച്ച എൽ.ജി. ഹിന്ദി തസ്തികയിൽ

നിയമിതയായി. ശ്രീമതി. സീന.കെ.എസ്.നെ 15.07.2021 മുതൽ മാനേജർ എച്ച്.എസ്.ടി. (ഹിന്ദി) തസ്തികയിൽ വിരമിക്കൽ ഒഴിവിൽ നിയമിച്ചു. എന്നാൽ ടി നിയമനാംഗീകാര അപേക്ഷ നിയമനാർത്ഥി കെ-ടെറ്റ് III യോഗ്യത നേടിയിട്ടില്ല എന്ന കാരണത്താൽ നിരസിക്കപ്പെട്ടു. ഈ കാലയളവിൽ കെ-ടെറ്റ് യോഗ്യത നേടുന്നതിന് ഇളവുണ്ടായിരുന്നില്ല. 2019-20 അധ്യയന വർഷം വരെ എയ്ഡഡ് സ്കൂളുകളിൽ നിയമിതരായവർക്കു മാത്രമാണ് കെ-ടെറ്റ് പാസ്സാകുന്നതിന് ഇളവ് അനുവദിച്ചിട്ടുള്ളത്.

ആയതിനാൽ ശ്രീമതി. സീന.കെ.എസ് ന്റെ എൽ.ജി. ഹിന്ദിയിലുള്ള നിയമനം 15.07.2018 മുതൽ 14.07.2021 വരെയാണ് അംഗീകരിച്ചു നൽകിയത്. 2018-19 വർഷത്തിൽ അനുവദിച്ച എൽ.ജി. ഹിന്ദി തസ്തികയിൽ ശ്രീമതി. സീന.കെ.എസ് ന് 2021-22 അധ്യയന വർഷം വരെ തുടരുന്നതിന് തസ്തിക ലഭ്യമാണ്. 2022-23, 2023-24 വർഷങ്ങളിൽ തസ്തിക ലഭ്യമല്ലാത്തതിനാൽ നിലനിൽക്കുന്നതിന് സാധുതയില്ല. പിന്നീട് 01.10.2024 പ്രാബല്യത്തിൽ മാത്രമേ ടി വിദ്യാലയത്തിൽ നിലനിർത്താൻ തസ്തിക ലഭ്യമാകുന്നുള്ളൂ.

2018-19 വർഷത്തിൽ അനുവദിച്ച എൽ.ജി. ഹിന്ദി തസ്തികയിൽ ശ്രീമതി. സീന.കെ.എസ് ന് 2021-22 അധ്യയന വർഷം വരെ തുടരുന്നതിന് തസ്തിക ലഭ്യമാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2021-22 വർഷം വരെ ടിയാൾക്ക് നിലനിൽക്കാനുള്ള എൽ.ജി. ഹിന്ദി തസ്തിക ലഭ്യമാണെങ്കിൽ, കെ-ടെറ്റ് IV യോഗ്യതയുള്ളത് പരിഗണിച്ച്, ടിയാൾ 2021-2022 കാലയളവിൽ ടി തസ്തികയിൽ അധ്യയനം നടത്തിയിട്ടുണ്ടെങ്കിൽ, 15.07.2018 മുതലുള്ള നിയമനം 2021-22 അദ്ധ്യയന വർഷം വരെ അംഗീകരിക്കാവുന്നതാണ് എന്നും 01.10.2024 മുതൽ പ്രാബല്ല്യത്തിൽ വന്ന എൽ.ജി. ഹിന്ദി തസ്തികയിൽ, മാനേജർ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക്, ക്രമപ്രകാരമെങ്കിൽ അംഗീകാരം നൽകാവുന്നതാണ് എന്നും കാണുന്നു .

5. മേൽ സാഹചര്യത്തിൽ 2018-19-ൽ അനുവദിച്ച എൽ.ജി. ഹിന്ദി തസ്തികയിൽ ശ്രീമതി. സീന.കെ.എസ്-ന് 2021-22 വർഷം വരെ നിലനിൽക്കാനുള്ള എൽ.ജി. ഹിന്ദി തസ്തിക ലഭ്യമാണെങ്കിൽ, കെ-ടെറ്റ് IV യോഗ്യതയുള്ള ടിയാൾ, പ്രസ്തുത കാലയളവിൽ ടി തസ്തികയിൽ അധ്യയനം നടത്തിയിട്ടുണ്ടെങ്കിൽ 15.07.2018 മുതലുള്ള നിയമനം 2021-22 അധ്യയന വർഷം വരെ അംഗീകരിക്കാനും. 01.10.2024 മുതൽ പ്രാബല്ല്യത്തിൽ വന്ന എൽ.ജി. ഹിന്ദി തസ്തികയിൽ, മാനേജർ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക്, ക്രമപ്രകാരമെങ്കിൽ അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി, അപ്രകാരം പള്ളിക്കുറുപ്പ് ശബരി ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.ടി. (ഹിന്ദി) ആയ ശ്രീമതി. സീന.കെഎസ്. ഫയൽ ചെയ്ത റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**M RATHEESH**

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി. സീന.കെഎസ്. , എച്ച്.എസ്.ടി. (ഹിന്ദി), ശബരി ഹയർ സെക്കൻഡറി സ്കൂൾ, പള്ളിക്കുറുപ്പ്, പാലക്കാട്
കോർപ്പറേറ്റ് മാനേജർ, ശബരി ചാരിറ്റബിൾ ട്രസ്റ്റ് സ്കൂളുകൾ, "അനുപമ", പുതുപ്പെരിയാരം, പാലക്കാട്
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA3/22/2026-G.EDN തീയതി: 10.03.2026)
വിവര പൊതുജന സമ്പർക്ക ( വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 03-06-2026 16:36:40

സെക്ഷൻ ഓഫീസർ